# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 560** **30.06.2016-ൽ മറുപടിക്ക്**

### ചീക്കോട് കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ടി. വി. ഇബ്രാഹിം :** | | **ശ്രീ. മാത്യു ടി.തോമസ് (ജലവിഭവ വകുപ്പ് മന്ത്രി)** | |
| എ. | കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ ചീക്കോട് കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കുമോ; | എ. | ചീക്കോട് കുടിവെള്ള വിതരണ പദ്ധതി ഭാഗികമായി 27.02.2016-ന് കമ്മീഷൻ ചെയ്തു. വിതരണ ശൃംഖലയുടെ പ്രവൃത്തി പുരോഗതിയിലാണ്. 116 കി.മീ. വിതരണ ശൃംഖലയുടെ 80% പൂർത്തീകരിച്ചു. എസ്.എൽ.എസ്.എസ്.സി 2014-ൽ ലഭിച്ച 110 എം.എം. പി.വി.സി/90 എം.എം പി.വി.സി ഉൾപ്പെടുന്ന 80 കി.മീ വിതരണ ശൃംഖല സ്ഥാപിക്കുന്നതിന്റെ സാങ്കേതികാനുമതി ചീഫ് എഞ്ചിനീയർ നൽകി ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. പദ്ധതിയുടെ വിതരണ ശൃംഖലകൾ സ്ഥാപിച്ച് ഗാർഹിക കണക്ഷനുകൾ നൽകുന്ന പ്രവൃത്തി ജലനിധി ഏറ്റെടുത്ത് നടപ്പിലാക്കുന്നു. ഇതിന് ആവശ്യമായ സർവ്വെ നടത്തി ഡി.പി.ആർ (Detailed Project Report) ലഭ്യമാക്കുവാൻ കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൊണ്ടോട്ടി. രാമനാട്ടുകര എന്നീ മുൻസിപ്പാലിറ്റികളിൽ നിലവിലുള്ള ഡാനിഡ പദ്ധതിയുമായി ഈ പദ്ധതി ബന്ധിപ്പിച്ച് ജലവിതരണം നടത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| ബി. | പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്യുന്നതിന് എത്ര കാലം എടുക്കുമെന്ന് വ്യക്തമാക്കാമോ; | ബി & സി | ഈ പദ്ധതിയുടെ രൂപരേഖയിൽ നിർദ്ദേശിച്ച രീതിയിൽ 400 കി.മീ വിതരണ ശൃംഖല സ്ഥാപിക്കേണ്ടതായുണ്ട്. ഇതിൽ 196 കി.മീ സ്ഥാപിക്കാനുള്ള ഫണ്ട് ലഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തി പൂർണ്ണമായും ജൂൺ 2017-നകം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ജലനിധി മുഖേനയുള്ള വിതരണശൃംഖല ജലസംഭരണിയുമായി ബന്ധിപ്പിച്ച് ശുദ്ധജല വിതരണം നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |
| സി. | പദ്ധതി പൂർത്തീകരണത്തിനായി ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ